# പതിനഞ്ചാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2023–26)

## അൻപത്തിയാറാമത് റിപ്പോർട്ട്

(2025 മാർച്ച് 21–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
**2025**

പതിനഞ്ചാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2023–26)

## അൻപത്തിയാറാമത് റിപ്പോർട്ട്

**കേരള അഗ്രോ മെഷിനറി കോർപ്പറേഷനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമിതി (2019–21)യുടെ 121–ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്.**

# <u>ഉള്ളടക്കം</u>


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .... |
| ആമുഖം | .... |
| റിപ്പോർട്ട് | .... |
| സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ | .... |

<u>**പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023–26)**</u>

<u>**ഘടന**</u>

**ചെയർപേഴ്സൺ :**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**അംഗങ്ങൾ :**

ശ്രീ. എ. പി. അനിൽകുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. പി. നന്ദകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

<u>**ആമുഖം**</u>

കേരള അഗ്രോ മെഷിനറി കോർപ്പറേഷനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമിതി (2019-21)യുടെ 121-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക 06.06.2023, 30.04.2024 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിച്ചു.

സമിതി (2023-26)യുടെ 18.03.2025-ലെ യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നടപടിപത്രിക പരിഗണിക്കുന്ന വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്ക് സമിതി നന്ദി അറിയിക്കുന്നു.

**ഇ. ചന്ദ്രശേഖരൻ,**

തിരുവനന്തപുരം, **ചെയർപേഴ്സൺ,**

21.03.2025 **പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.**

# റിപ്പോർട്ട്

കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-21)യുടെ 121-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

പ്രസ്തുത റിപ്പോർട്ടിൽ ആകെ ഒൻപത് ശിപാർശകളാണ് ഉൾപ്പെട്ടിരുന്നത്. എല്ലാ ശിപാർശകളിന്മേലും സർക്കാർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രിക സമിതി (2023-26)യുടെ 06.06.2023-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും ഒന്ന് മുതൽ ഒൻപത് വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ അധികവിവരം ആരായുകയും ചെയ്തു. സർക്കാരിൽ നിന്നും 29.04.2024-ൽ ലഭ്യമാക്കിയ അധികവിവരം സമിതി 30.04.2024 ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും, ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയും അധികവിവരങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

## സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ

| ക്രമ നം. | ഖണ്ഡിക നം. | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ | നടപടി റിപ്പോർട്ട് |
|---|---|---|---|---|
| 1 | 1 | കൃഷി (പി.യു) വകുപ്പ് | കമ്പനി ഉല്പാദിപ്പിക്കുന്ന യന്ത്രോപകരണങ്ങളുടെ സ്പെയർ പാർട്ടുകൾ വാങ്ങുന്നതിൽ സംസ്ഥാന സ്റ്റോർസ് പർച്ചേസ് മാന്വൽ (എസ്. പി. എം.) ചട്ടങ്ങളും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗനിർദ്ദേശങ്ങളും പാലിക്കാതെ KAMCO യുടേതായ വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിച്ചതായും ഇത്തരത്തിലുള്ള വാങ്ങൽ നടപടിക്രമങ്ങൾക്ക് സർക്കാരിന്റെ അനുമതി വാങ്ങിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. | കാംകോ ഉൽപാദിപ്പിക്കുന്ന കാർഷിക യന്ത്രങ്ങളുടെ സ്പെയർ പാർട്ട്സുകളിൽ ഏറിയ പങ്കും പ്രത്യേക ഡിസൈൻ പ്രകാരം കാംകോയക്ക് വേണ്ടി മാത്രം നിർമ്മിക്കുന്നതാണ്. അവ ഐ.എസ്.ഒ മാന്വൽ അനുസരിച്ച് അംഗീകൃത വെണ്ടർ ലിസ്റ്റിൽ നിന്നുമാണ് കാംകോ പർച്ചേസ് മാന്വൽ അംഗീകരിക്കുന്നതിന് മുൻപ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. കാലാകാലങ്ങളിൽ പത്രങ്ങളിൽ പരസ്യം നൽകി പുതിയ സപ്ലയർമാരെ കണ്ടെത്തി അവരുടെ അടിസ്ഥാന സൗകര്യങ്ങൾ, ഘടകങ്ങളുടെ ഗുണനിലവാരം പാലിക്കുന്നതിനുള്ള പ്രാപ്തി, കാംകോയ്ക്ക് ആവശ്യമായ ഘടകങ്ങൾ നിർമ്മിക്കുന്നതിന് പാറ്റേൺ, ഡൈ, ടൂൾസ്, ഫിക്ച്ചേർസ് എന്നിവയ്ക്കായി മുതൽ മുടക്കുന്നതിനുള്ള സന്നദ്ധത എന്നിവ വിലയിരുത്തി അവർക്ക് സാംപിൾ ഓർഡർ നൽകി സാംപിൾ സപ്ലൈ ചെയ്യുന്ന മുറയ്ക്ക് അതിന്റെ ഗുണനിലവാരം പരിശോധന നടത്തി ഉറപ്പുവരുത്തിയ ശേഷമാണ് പുതിയ സപ്ലയർമാരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. എന്നാൽ മാർക്കറ്റിൽ സുലഭമായിട്ടുള്ള ജനറൽ ഐറ്റംസ്, ക്യാപ്പിറ്റൽ ഐറ്റംസ് തുടങ്ങിയവ വാങ്ങുന്നതിന് കാംകോ സ്റ്റോർ പർച്ചേസ് മാന്വലാണ് പാലിച്ചുവരുന്നത്. ഉത്പാദന ഘടകങ്ങൾ വാങ്ങുന്നതിന് എസ്.പി.എം അതേപടി പാലിക്കുവാനുള്ള |

| | | | | |
|---|---|---|---|---|
| | | | | പ്രായോഗിക ബുദ്ധിമുട്ടുകൾ C&AG-യുടെ ഓഡിറ്റിംഗ് നടന്നുകൊണ്ടിരുന്നപ്പോൾ ഓഡിറ്റ് ടീമിനേയും തുടർന്ന് ഓഡിറ്റ റിപ്പോർട്ട് ലഭിച്ചതിനു ശേഷം സർക്കാരിലേക്ക് ഇത് സംബന്ധിച്ച് വിവരങ്ങൾ സൂചിപ്പിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഓഡിറ്റ് നിരീക്ഷണങ്ങളുടെ ഗൗരവം കണക്കിലെടുത്ത് ഉത്പാദന ഘടകങ്ങൾ വാങ്ങുന്നതിന് ടെണ്ടർ നടപടി ക്രമങ്ങൾ ആരംഭിച്ചു. ടെണ്ടറിൽ ലഭിക്കാതെ വന്ന ഘടകങ്ങൾക്ക് എക്സംപ്ഷൻ നൽകുന്നതിന് സർക്കാരിനെ സമീപിച്ചു. ആയത് അനുവദിക്കപ്പെടാതിരുന്നതിനെ തുടർന്ന് ഉത്പാദനം തടസ്സപ്പെടാതിരിക്കാനും കമ്പനിയുടെ അടച്ചുപൂട്ടൽ ഒഴിവാക്കുന്നതിനുമായി കാംകോയ്ക്കു സ്വന്തമായി ഒരു പർച്ചേസ് മാന്വൽ രൂപീകരിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചതിനുശേഷം ഗവൺമെന്റ് ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പമെന്റിനെ പർച്ചേസ് മാന്വൽ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയും അവർ തയ്യാറാക്കിയ കരട് പർച്ചേസ് മാന്വൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. വിവിധ തലങ്ങളിൽ നടന്ന ഉന്നതതല ചർച്ചകൾക്ക് ശേഷം കാംകോയുടെ പർച്ചേസ് മാന്വലിന് 23.02.2021-ലെ GO(MS) NO.34/2021/Agri പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. നിലവിൽ അംഗീകൃത പർച്ചേസ് മാന്വലിലെ നിബന്ധനകൾക്ക് വിധേയമായാണ് കാംകോയിലെ ഉത്പാദന ഘടകങ്ങൾ വാങ്ങുന്നത്. |
| | | | സമിതി ആരാഞ്ഞ അധികവിവരം<br><br>എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും | കാംകോയ്ക്ക് ബാധകമായിട്ടുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് SPM-ൽ നിന്ന് വേറിട്ട സംവിധാനങ്ങൾ അവലംബിക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള പ്രത്യേക അനുമതി മുൻകൂറായി ലഭ്യമാക്കേണ്ടതാണെന്ന് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ കാംകോയ്ക്ക് സ്വന്തമായി ഒരു "Purchase Manual" സർക്കാർ ഉത്തരവ് G.O(Ms) No.34/2021/AGRI dt: 23.02.2021 പ്രകാരം |

| | | | | |
|---|---|---|---|---|
| | | | വ്യതിചലിച്ച് കാംകോ യന്ത്രസാമഗ്രികൾ വാങ്ങിയതിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും ഓപ്പൺ ടെണ്ടർ പ്രകാരം ഉത്പാദന ഘടകങ്ങൾ വാങ്ങിയാൽ രഹസ്യസ്വഭാവം പൊതുവിപണിയിൽ പരസ്യപ്പെടും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും വിശദീകരിക്കുക. | അംഗീകരിച്ച് നൽകിയിരുന്നു. ടി ഉത്തരവിന് ശേഷം പ്രസ്തുത Purchase Manual-ൽ നിഷ്കർഷിച്ചിട്ടുള്ള നിയമാവലിക്ക് വിധേയമായിട്ടാണ് ഘടകങ്ങൾ Supplier -മാരിൽ നിന്നും വാങ്ങിക്കൊണ്ടിരിക്കുന്നത്. |
| 2 | 2 | | കാംകോ ഉൽപാദിപ്പിക്കുന്ന യന്ത്രോപകരണങ്ങളുടെ പ്രത്യേകത കണക്കിലെടുക്കുമ്പോൾ എസ്.പി.എം. ചട്ടങ്ങൾ അതുപോലെ നടപ്പിലാക്കാൻ സാധിക്കില്ലെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ | നിയമസഭാ സമിതിയുടെ തെളിവെടുപ്പിൽ സമിതി ഉന്നയിച്ച നിർദേശം കാംകോ മാനേജ്മെന്റ് അടിയന്തര പ്രാധാന്യം നൽകി യുദ്ധകാലടിസ്ഥാനത്തിൽ കാംകോയ്ക്കു സ്വന്തമായൊരു പർച്ചേസ് മാന്വൽ അംഗീകരിയ്ക്കുന്നതിനായി സത്വര ഇടപെടൽ നടത്തുകയും, ഇതുമായി ബന്ധപ്പെട്ട ഉന്നതതല ചർച്ചകളിൽ നിയമസഭാസമിതിയുടെ അഭിപ്രായം അറിയിക്കുകയും ഇക്കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിയ്ക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എസ്.പി.എം. അതേപടി നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക |

| | | | | |
|---|---|---|---|---|
| | | | കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, വാങ്ങൽ പ്രക്രിയയ്ക്ക് ബാധകമായിട്ടുള്ള നിയമങ്ങൾ കമ്പനി അനുസരിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. | ബുദ്ധിമുട്ടുകൾ പരിഗണിച്ചാണ് കാംകോയ്ക്ക് സ്വന്തമായി ഒരു പർച്ചേസ് മാന്വലിന് 23.02.2021-ലെ GO(MS) NO.34/2021/Agri നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയത്. നിലവിൽ അംഗീകൃത പർച്ചേസ് മാന്വലിലെ നിബന്ധനകൾക്ക് വിധേയമായാണ് കാംകോയിലെ ഉത്പാദന ഘടകങ്ങൾ വാങ്ങുന്നത്.<br><br>കാംകോയ്ക്ക് അനുവദിച്ച സ്വന്തം പർച്ചേസ് മാന്വലിൽ കമ്പനി വാങ്ങുന്ന ഇനങ്ങൾ രണ്ട് ഗ്രൂപ്പുകളായി തരം തിരിച്ചിരിക്കുന്നു (ഗ്രൂപ്പ് I, ഗ്രൂപ്പ് II)<br><br>ഗ്രൂപ്പ് I<br>ജനറൽ ഐറ്റംസ്, ക്യാപ്പിറ്റൽ ഐറ്റംസ്, സ്റ്റേഷനറി എന്നിങ്ങനെ ജനറൽ സ്റ്റോർസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളാണ് ഗ്രൂപ്പ് I-ൽ ഉൾപ്പെടുന്നത്. കേരള സ്റ്റോർസ് പർച്ചേസ് മാന്വൽ (എസ്.പി.എം.) ആണ് ഇവ വാങ്ങുന്നതിന് കമ്പനി പിൻതുടരേണ്ടത്.<br><br>ഗ്രൂപ്പ് II<br><br>ഗ്രൂപ്പ് II-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് കാംകോയുടെ ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും അവയുടെ സ്പെയർപാർട്ട്സ് വിൽപനയ്ക്കും ആവശ്യമായ ഘടകങ്ങളുമാണ്. ഗ്രൂപ്പ് II-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ വാങ്ങുന്നതിന് ഘടകങ്ങളുടെ പ്രത്യേകകൾ കൂടി പരിഗണിച്ച് സ്റ്റോർ പർച്ചേസ് മാന്വലിലെ അടിസ്ഥാന പ്രമാണങ്ങളും സെൻട്രൽ വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഉത്പാദനം മുടക്കം കൂടാതെ നടത്തുന്നതിന് ഘടകങ്ങൾ ആവശ്യത്തിന് ലഭിക്കേണ്ടതിനാൽ അതിന് അനുയോജ്യമായ പർച്ചേസിംഗ് രീതികളാണ് പ്രതിപാദിച്ചിരിക്കുന്നത്. സെന്റട്രൽ വിജിലൻസ് കമ്മീഷന്റെ ഗൈഡ്‌ലൈൻസ് പ്രകാരം (Office Order No.43/7/04 Issue |

| | | | | |
|---|---|---|---|---|
| | | | | 5) അംഗീകൃത സപ്ലയർമാരിൽ നിന്നും (Approved/Registered Vendors) ലിമിറ്റഡ് ടെൻഡർ വഴി വാങ്ങുന്ന രീതി അവലംബിക്കുന്ന സ്ഥാപനങ്ങൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.<br>ഇങ്ങനെ ചെയ്യുമ്പോൾ നിശ്ചിത ഇടവേളകളിൽ പരസ്യം നൽകി അംഗീകൃത സപ്ലയർമാർ ആവാൻ താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിക്കുകയും, അവരെ പ്രീക്വോളിഫിക്കേഷൻ ചെയ്ത് അംഗീകൃത സപ്ലയർമാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും അവരിൽ നിന്നും ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചും വാങ്ങൽ പ്രക്രിയ നടത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കാംകോയുടെ പർച്ചേസ് മാന്വലിൽ ഇങ്ങനെ ചെയ്യുന്നതിനുള്ള വിശദമായ നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് കാംകോ നടപടി ക്രമങ്ങൾ പാലിച്ചുവരുന്നുണ്ട്. |
| | | | സമിതി ആരാഞ്ഞ അധികവിവരം<br><br>എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് കാംകോ യന്ത്രസാമഗ്രികൾ വാങ്ങിയതിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും ഓപ്പൺ ടെണ്ടർ പ്രകാരം ഉത്പാദന ഘടകങ്ങൾ വാങ്ങിയാൽ രഹസ്യസ്വഭാവം | കാംകോയ്ക്ക് ബാധകമായിട്ടുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് SPM-ൽ നിന്നും വേറിട്ട സംവിധാനങ്ങൾ അവലംബിക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള പ്രത്യേക അനുമതി മുൻകൂറായി ലഭ്യമാക്കേണ്ടതാണെന്ന് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, കാംകോയ്ക്ക് സ്വന്തമായി ഒരു "Purchase Manual" സർക്കാർ ഉത്തരവ് G.O(Ms) No. 34/2021/AGRI dt 23.02.2021 പ്രകാരം അംഗീകരിച്ച് നൽകിയിരുന്നു. ടി ഉത്തരവിന് ശേഷം പ്രസ്തുത Purchase Manual -ൽ നിഷ്കർഷിച്ചിട്ടുള്ള നിയമാവലിക്ക് വിധേയമായിട്ടാണ് ഘടകങ്ങൾ Supplier -മാരിൽ നിന്നും വാങ്ങിക്കൊണ്ടിരിക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | പൊതുവിപണിയിൽ പരസ്യപ്പെട്ടും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും വിശദീകരിക്കുക. | |
| 3 | 3 | | എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമായ എസ്.പി.എം. ചട്ടങ്ങൾ അനുസരിക്കാൻ KAMCO ബാദ്ധ്യസ്ഥമാണെന്ന് ചൂണ്ടിക്കാണിച്ച സമിതി, എസ്.പി.എം. ചട്ടങ്ങൾ കമ്പനി നിർബന്ധമായും പാലിക്കണമെന്നു നിർദ്ദേശിക്കുന്നു. എസ്.പി.എം. ചട്ടങ്ങൾക്ക് വിധേയമായുള്ള വാങ്ങൽ പ്രക്രിയ കമ്പനി പിൻതുടരുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | നിയമസഭാ സമിതി ഉന്നയിച്ച നിർദേശം കാംകോ മാനേജ്മെന്റ് അടിയന്തര പ്രാധാന്യം നൽകി യുദ്ധകാല അടിസ്ഥാനത്തിൽ കാംകോയ്ക്ക് സ്വന്തമായൊരു പർച്ചേസ് മാന്വൽ അംഗീകരിയ്ക്കുന്നതിനായി സത്വര ഇടപെടൽ നടത്തുകയുണ്ടായി. എസ്.പി.എം. അതേപടി നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ചാണ് കാംകോയ്ക്ക് സ്വന്തമായി ഒരു പർച്ചേസ് മാന്വലിന് 23.02.2021-ലെ GO(MS)No.34/2021/AGRI നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയത്. നിലവിൽ അംഗീകൃത പർച്ചേസ് മാന്വലിലെ നിബന്ധനകൾക്ക് വിധേയമായാണ് കാംകോയിലെ ഉത്പാദന ഘടകങ്ങൾ വാങ്ങുന്നത്. |
| | | | <u>സമിതി ആരാഞ്ഞ അധികവിവരം</u> | പൊതുമേഖലാ സ്ഥാപനങ്ങൾ Store Purchase Manual പാലിക്കണമെന്നുള്ള സർക്കാർ ഉത്തരവ് ചൂണ്ടിക്കാണിച്ച് C&AG |

| | | | | |
|---|---|---|---|---|
| | | | എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് കാംകോ യന്ത്രസാമഗ്രികൾ വാങ്ങിയതിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും ഓപ്പൺ ടെണ്ടർ പ്രകാരം ഉത്പാദന ഘടകങ്ങൾ വാങ്ങിയാൽ രഹസ്യസ്വഭാവം പൊതുവിപണിയിൽ പരസ്യപ്പെടും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും വിശദീകരിക്കുക. | ഉന്നയിച്ചിട്ടുള്ള ആഡിറ്റ് പരാമർശങ്ങളിൽ കമ്പനി വിശദീകരണങ്ങൾ നൽകുകയുണ്ടായി. കാംകോയ്ക്ക് ബാധകമായിട്ടുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് SPM-ൽ നിന്നും വേറിട്ട സംവിധാനങ്ങൾ അവലംബിക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള പ്രത്യേക അനുമതി മുൻകൂറായി ലഭ്യമാക്കേണ്ടതാണെന്ന നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ കാംകോയ്ക്ക് സ്വന്തമായി ഒരു "Purchase Manual" സർക്കാർ ഉത്തരവ് G.O(Ms) No. 34/2021/AGRI dt 23.02.2021 പ്രകാരം അംഗീകരിച്ച് നൽകിയിരുന്നു. ടി ഉത്തരവിന് ശേഷം Purchase Manual -ൽ നിഷ്കർഷിച്ചിട്ടുള്ള നിയമാവലിക്ക് വിധേയമായിട്ടാണ് ഘടകങ്ങൾ Supplier - മാരിൽ നിന്നും വാങ്ങിക്കൊണ്ടിരിക്കുന്നത്. |
| 4 | 4 | | മുൻ വർഷങ്ങളിൽ ഈടാക്കിയ വില, വിതരണത്തിലുള്ള കൃത്യനിഷ്ഠ, സ്പെയറുകളുടെ പ്രാഥമിക പരിശോ ധനയ്ക്ക് ശേഷമുള്ള സ്വീകാര്യത, ഉൽപാദന പ്രക്രിയഘട്ടത്തിലുള്ള സ്വീകാര്യത എന്നീ നാല് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി KAMCO | മുൻകാലങ്ങളിലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ ശിപാർശകൾ മുൻനിർത്തി മൂല്യനിർണ്ണയ സംവിധാനത്തിൽ ഘടകങ്ങളുടെ വിലയ്ക്കുള്ള പ്രാധാന്യം കൂട്ടിക്കൊണ്ട് 2013-ൽ നടപ്പിലാക്കിയിരുന്നു. കാംകോ നിലവിൽ ഘടകങ്ങൾ വാങ്ങിക്കൊണ്ടിരിയ്ക്കുന്നത് സർക്കാർ അനുമതി പ്രകാരമുള്ള പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്കനുസരിച്ചാണ്. ഇതിൻപ്രകാരം ഘടകങ്ങളുടെ വില നിർണ്ണയിക്കുന്നതിൽ വെണ്ടർ പെർഫോർമൻസ് റേറ്റിംഗ് ഉപയോഗിക്കുന്നില്ല. |

| | | | | |
|---|---|---|---|---|
| | | | ഏർപ്പെടുത്തിയ മൂല്യനിർണ്ണയ സംവിധാനത്തിൽ, സ്പെയറുകളുടെ വിലയ്ക്ക് കുറഞ്ഞ പ്രാധാന്യം നൽകിയത്, ഉയർന്ന നിരക്കിൽ സ്പെയറുകൾ വാങ്ങുന്നതിനും കമ്പനിക്ക് അധികച്ചെലവുണ്ടാകുന്നതിനും കാരണമായതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മൂല്യനിർണ്ണയ സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി മൂല്യനിർണ്ണയ സംവിധാനം പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദേശിക്കുന്നു. | |
| | | | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് കാംകോ യന്ത്രസാമഗ്രികൾ വാങ്ങിയതിന്മേലുള്ള | കാംകോ ഉൽപാദിപ്പിക്കുന്ന കാർഷിക യന്ത്രങ്ങളുടെ Spare Parts -കളിൽ ഏറിയ പങ്കും പ്രത്യേക Design പ്രകാരം മറ്റ് യന്ത്രങ്ങളുമായി സമാനതകളില്ലാതെ രൂപകല്പന ചെയ്തിരിക്കുന്നതാണ്. മാത്രവുമല്ല പല ഘടകങ്ങൾക്കും അതിന്റെ നിർമ്മാണത്തിന് ആവശ്യമുള്ള Pattern, Die, Jigs, Fixtures, എന്നിവ പ്രത്യേകമായും Develop ചെയ്യേണ്ടതുമുണ്ട്. ആയതിന് നല്ലൊരു മൂലധനം ആവശ്യവുമാണ്. ഇത്തരം ഘടകങ്ങൾ ഒന്നും തന്നെ Open Market - ൽ ലഭ്യത ഇല്ലാത്തതുമാണ്. ഇത്തരത്തിലുള്ള ഘടകങ്ങൾ നിർമ്മിക്കുന്നതിന് മുടക്കിയ മൂലധനത്തിന് ആനുപാതികമായ |

| | | | | |
|---|---|---|---|---|
| | | | വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും ഓപ്പൺ ടെണ്ടർ പ്രകാരം ഉത്പാദന ഘടകങ്ങൾ വാങ്ങിയാൽ രഹസ്യസ്വഭാവം പൊതുവിപണിയിൽ പരസ്യപ്പെടും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും വിശദീകരിക്കുക. | വരുമാനം നേടുന്നതിന് ദീർഘകാല സാദ്ധ്യതകൾ Supplier-മാർ ആരായുകയും അതിനനുസൃതമായി ഘടകങ്ങളുടെ എണ്ണം ഉറപ്പാക്കുന്ന എന്നുള്ളതും വസ്തുതയാണ്. ഇത്തരം Die/Pattern/Toolings ഉപയോഗിച്ച് മാത്രമേ പല ഘടകങ്ങളും നിർമ്മിക്കുവാൻ സാധിക്കുകയുള്ളു. കാർഷിക യന്ത്രങ്ങളും അതിനുപയോഗിക്കുന്ന എഞ്ചിനുകളും Farm Machinery Testing Centre -കൾ ARAI പോലുള്ള Engine Testing Centre എന്നിവിടങ്ങളിൽ നിന്നും അവർ നിഷ്കർഷിക്കുന്ന ഗുണനിലവാരം നിലനിർത്തി മാത്രമേ അവയുടെ നിർമ്മാണവും വിപണനവും ചെയ്യുവാൻ സാധിക്കുകയുള്ളു. ഇത്തരം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കാർഷിക യന്ത്രങ്ങൾ നിർമ്മിക്കുന്നതിനുപയോഗിക്കുന്ന ഘടകങ്ങളുടെ കൃത്യത ആദ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. മാത്രവുമല്ല വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും മറ്റ് നിർമ്മാതക്കളോട് മൽസരിക്കുന്നതിനും ഘടകങ്ങളുടെ രൂപകൽപനയുടെ രഹസ്യസ്വഭാവം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. അതിനാൽ ഇത്തരം ഘടകങ്ങളുടെ രൂപകൽപ്പനയും സാങ്കേതിക വിവരങ്ങളുടെ വിശദാംശങ്ങളും Public Domain -ൽ പ്രസിദ്ധപ്പെടുത്തുന്നത് വ്യാജ Spares Parts മാർക്കറ്റിൽ വ്യാപകമാക്കുകയും അത് കമ്പനിയെ ദോഷകരമായി ബാധിക്കുകയും ചെയ്യും. |
| 5 | 5 | | കമ്പനിയുടെ വാങ്ങൽ സംവിധാനത്തിന്റെ സുതാര്യതയും വില നിശ്ചയത്തിലുണ്ടാകേണ്ട മത്സരസ്വഭാവവും നിലനിർത്തുന്നതിനായി ഒന്നിലധികം വിൽപ്പനക്കാരെ കണ്ടെത്തി അംഗീകൃത വിൽപ്പനക്കാരുടെ പട്ടിക കമ്പനി വിപുലീകരിക്കേണ്ട തായിട്ടുണ്ട്. കമ്പനിയിലെ | കമ്പനിയുടെ വാങ്ങൽ സംവിധാനത്തിൽ അംഗീകൃത വിൽപ്പനക്കാരുടെ പട്ടിക വിപുലീകരിക്കുന്നതിനായി കമ്പനി ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റ് (വെണ്ടർ ഡവലപ്പ്മെന്റ് സെൽ) തന്നെ രൂപീകരിക്കുകയും ഈ ആവശ്യത്തിനായി മാത്രം പ്രവർത്തിക്കുന്ന ഒരു ടീമിനെ പ്രത്യേകമായി ചുമതലപ്പെടുത്തുകയും പല തവണ വിവിധ പത്രങ്ങളിലൂടെ രാജ്യത്തുടനീളം പരസ്യങ്ങൾ നൽകിക്കൊണ്ടും വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കപ്പെട്ട പ്രദർശനങ്ങളിൽ പങ്കെടുത്തും പുതിയ വിൽപ്പനക്കാരെ ആകർഷിക്കുവാൻ കാംകോ കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. അംഗീകൃത പർച്ചേസ് മാന്വൽ ഉത്തരവിലെ clause 6.2(i)b പ്രകാരം അംഗീകൃത വെണ്ടർ ലിസ്റ്റ് സി.വി.സി. ഗൈഡ്ലൈൻ അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പ്രകാരം വിപുലീകരിയ്ക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | വിൽപ്പനക്കാരുടെ പട്ടിക വിപുലീകരണ സംവിധാനത്തിന്റെ അപര്യപ്തത, കമ്പനിക്കാവശ്യമായ ഘടകങ്ങൾ ഒരു സ്രോതസിനെ മാത്രം ആശ്രയിച്ച് വാങ്ങുവാൻ കാരണമായിത്തീർന്നെന്ന് വിലയിരുത്തിയ സമിതി, കമ്പനിയുടെ അംഗീകൃത വിൽപ്പനക്കാരുടെ പട്ടിക വിപുലീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ നിർദേശിക്കുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാനും സമിതി നിർദേശിക്കുന്നു. | നിഷ്കർഷിക്കുന്നുണ്ട്. അത് പ്രകാരമുള്ള നടപടികൾ കമ്പനി ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി പുതിയ വിൽപ്പനക്കാരെ കണ്ടെത്താൻ സാധിച്ചു. |
| | | | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് കാംകോ യന്ത്രസാമഗ്രികൾ വാങ്ങിയതിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ | കാർഷിക യന്ത്രങ്ങളും അതിനുപയോഗിക്കുന്ന എഞ്ചിനുകളും Farm Machinery Testing Center - കൾ ARAI പോലുള്ള Engine Testing Center എന്നിവിടങ്ങളിൽ നിന്നും അവർ നിഷ്കർഷിക്കുന്ന ഗുണനിലവാരം നിലനിർത്തി മാത്രമേ അവയുടെ നിർമ്മാണവും വിപണനവും ചെയ്യുവാൻ സാധിക്കുകയുള്ളു. ഇത്തരം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കാർഷിക യന്ത്രങ്ങൾ നിർമ്മിക്കുന്നതിനുപയോഗിക്കുന്ന ഘടകങ്ങളുടെ കൃത്യത ആദ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. മാത്രവുമല്ല വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും മറ്റ് നിർമ്മാതാക്കളോട് മൽസരിക്കുന്നതിനും ഘടകങ്ങളുടെ രൂപകൽപ്പനയുടെ രഹസ്യസ്വഭാവം ഉണ്ടാകേണ്ടത് അത്യവശ്യമാണ്. അതിനാൽ ഇത്തരം ഘടകങ്ങളുടെ രൂപകൽപ്പനയും |

| | | | | |
|---|---|---|---|---|
| | | | നിലവിലെ സ്ഥിതിയെക്കുറിച്ചും ഓപ്പൺ ടെണ്ടർ പ്രകാരം ഉത്പാദന ഘടകങ്ങൾ വാങ്ങിയാൽ രഹസ്യസ്വഭാവം പൊതുവിപണിയിൽ പരസ്യപ്പെടും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും വിശദീകരിക്കുക. | സാങ്കേതിക വിവരങ്ങളുടെ വിശദാംശങ്ങളും Public Domain –ൽ പ്രസിദ്ധപ്പെടുത്തുന്നത് വ്യാജ Spares Parts മാർക്കറ്റിൽ വ്യാപകമാക്കുകയും അത് കമ്പനിയെ ദോഷകരമായി ബാധിക്കുകയും ചെയ്യും. |
| 6 | 6 | | കമ്പനിയുടെ പ്രവർത്തനത്തിനാവശ്യമായ മൂന്നിലൊന്ന് ഘടകങ്ങളും ഏക വിൽപ്പനക്കാരിൽ നിന്നാണ് വാങ്ങിയിട്ടുള്ളതെന്ന ഓഡിറ്റ് നിരീക്ഷണം സമിതി ഗൗരവമായി വീക്ഷിക്കുന്നു. ഏക വിൽപ്പനക്കാരെ മാത്രം ആശ്രയിച്ച് കമ്പനിക്കാവശ്യ മായ ഘടകങ്ങൾ വാങ്ങുന്നത് വാങ്ങൽ പ്രക്രിയയിലെ മത്സര സ്വഭാവവും വാങ്ങൽ സംവിധാനത്തിന്റെ സുതാര്യതയും നഷ്ടപ്പെടുത്തുന്നതിനും ഏക വിൽപ്പനക്കാർക്ക് അമിത | നിയമസഭാസമിതിയുടെ നിരീക്ഷണം കണക്കിലെടുത്ത് പർച്ചേസ് മാന്വലിലെ clause 6.2(i)b ഇതിനായി ഉൾപ്പെടുത്തി പുതിയ വിൽപ്പനക്കാരെ കണ്ടെത്തി ഏക വിൽപ്പനക്കാരിൽ നിന്നും മാത്രം ഘടകങ്ങൾ വാങ്ങുന്നത് കഴിയുന്നത്ര കുറയ്ക്കുന്നതിന് വെണ്ടർ ഡെവലപ്പമെന്റ് സെൽ വഴി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ലാഭം നേടിക്കൊടുക്കുന്നതിനും കാരണമാകുമെന്നതിനാൽ യോഗ്യതയുള്ള മറ്റ് വിൽപ്പനക്കാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | |
| | | | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് കാംകോ യന്ത്രസാമഗ്രികൾ വാങ്ങിയതിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും ഓപ്പൺ ടെണ്ടർ പ്രകാരം ഉത്പാദന ഘടകങ്ങൾ വാങ്ങിയാൽ രഹസ്യസ്വഭാവം പൊതുവിപണിയിൽ പരസ്യപ്പെടും എന്നതുകൊണ്ട് | കാർഷിക യന്ത്രങ്ങളും അതിനുപയോഗിക്കുന്ന എഞ്ചിനുകളും Farm Machinery Testing Center- കൾ ARAI പോലുള്ള Engine Testing Center എന്നിവിടങ്ങളിൽ നിന്നും അവർ നിഷ്കർഷിക്കുന്ന ഗുണനിലവാരം നിലനിർത്തി മാത്രമേ അവയുടെ നിർമ്മാണവും വിപണനവും ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇത്തരം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കാർഷിക യന്ത്രങ്ങൾ നിർമ്മിക്കുന്നതിനുപയോഗിക്കുന്ന ഘടകങ്ങളുടെ കൃത്യത ആദ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. മാത്രവുമല്ല വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും മറ്റ് നിർമ്മാതാക്കളോട് മൽസരിക്കുന്നതിനും ഘടകങ്ങളുടെ രൂപകൽപനയുടെ രഹസ്യസ്വഭാവം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. അതിനാൽ ഇത്തരം ഘടകങ്ങളുടെ രൂപകൽപനയും സാങ്കേതിക വിവരങ്ങളുടെ വിശദാംശങ്ങളും Public Domain-ൽ പ്രസിദ്ധപ്പെടുത്തുന്നത് വ്യാജ Spares Parts മാർക്കറ്റിൽ വ്യാപകമാക്കുകയും അത് കമ്പനിയെ ദോഷകരമായി ബാധിക്കുകയും ചെയ്യും. |

| | | | | |
|---|---|---|---|---|
| | | | ഉദ്ദേശിക്കുന്നതെന്താണെന്നും വിശദീകരിക്കുക. | |
| 7 | 7 | | പർച്ചേസ് ഓർഡർ നിബന്ധനകളിൽ ഭേദഗതി വരുത്താറുണ്ടെങ്കിലും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിൽ പർച്ചേസ് ഓർഡറുകളുടെ യഥാർത്ഥ ക്രമ നമ്പറും തീയതിയും മാറ്റം വരുത്താതെ സൂക്ഷിച്ചിരിക്കുന്ന രീതിയാണ് നിലവിലുള്ളതെന്ന് നിരീക്ഷിച്ച സമിതി, ഇക്കാര്യത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി ഭേദഗതി ചെയ്ത പർച്ചേസ് ഓർഡർ നിബന്ധനകളിലുള്ള യഥാർത്ഥ രേഖപ്പെടുത്തലുകൾ സോഫ്റ്റ്‌വെയറിൽ നിലനിർത്തണമെന്ന് നിർദ്ദേശിക്കുന്നു. | പർച്ചേസ് ഓർഡറുകളിൽ ഭേദഗതി വരുത്തിയാലും, ആദ്യം നൽകിയ പർച്ചേസ് ഓർഡറുകളുടെ വിവരങ്ങൾ, നിബന്ധനകൾ, എണ്ണം, വില എന്നിവ സുതാര്യത ഉറപ്പുവരുത്തുന്നതിനായി രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. |
| | | | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>എസ്.പി.എം. | 10.02.2021 തീയതിയിലെ വിജി-ബി2/ 585/2017-വിജി നമ്പർ കത്ത് പ്രകാരം സർക്കാരിൽ നിന്നും ലഭിച്ച വിജിലൻസ് റിപ്പോർട്ടിൽ, ശിപാർശ ചെയ്തതനുസരിച്ച് കാംകോ തയ്യാറാക്കി നൽകിയ 'PURCHASE MANUAL' 23.02.2021-ലെ ഉത്തരവ് G.O(Ms)No 34/2021/AGRI പ്രകാരം സർക്കാർ |

| | | | | |
|---|---|---|---|---|
| | | | വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് കാംകോ യന്ത്രസാമഗ്രികൾ വാങ്ങിയതിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും ഓപ്പൺ ടെണ്ടർ പ്രകാരം ഉത്പാദന ഘടകങ്ങൾ വാങ്ങിയാൽ രഹസ്യസ്വഭാവം പൊതുവിപണിയിൽ പരസ്യപ്പെടും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും വിശദീകരിക്കുക. | അംഗീകാരം ലഭിച്ചതായും ടി ഉത്തരവ് അനുസരിച്ചുള്ള പർച്ചേസ് നടപടിക്രമങ്ങളുമാണ് നിലവിൽ കമ്പനി അനുവർത്തിച്ച് വരുന്നത്. |
| 8 | 8 | | സ്പെയറുകളുടെ ഗുണനിലവാരമില്ലായ്മ, തെറ്റായ രൂപകല്പന, സൂക്ഷ്മ അളവുകളിലുള്ള വ്യതിയാനം എന്നിവ കാരണം യന്ത്രോപകരണങ്ങളുടെ ഉൽപാദന സമയത്ത് ധാരാളം സ്പെയറുകൾ തിരസ്കരിക്കപ്പെടുന്നത് സ്പെയറുകൾ പാഴാകുന്നതിനും സമയനഷ്ടത്തിനും | ഉത്പാദന ഘടകങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കമ്പനി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗുണനിലവാരത്തിനുള്ള പെർഫോമൻസ് റേറ്റിംഗിൽ ഉയർന്ന പ്രകടനം കാഴ്ചവെയ്ക്കുന്ന സപ്ലൈയർമാർക്ക് സ്വയം ഗുണനിലവാര പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സെൽഫ് സർട്ടിഫിക്കേഷൻ സ്റ്റാറ്റസ് നൽകിയിരുന്നു. ഇതിലൂടെ കമ്പനിയുടെ പ്രവർത്തന ചെലവ് നിയന്ത്രിക്കുവാനായിട്ടുണ്ട്. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ വരുന്ന ഘടകങ്ങളുടെ തിരസ്കരണങ്ങൾ പരിഹരിക്കുന്നതിന് കമ്പനിയുടെ സപ്ലൈയർമാരിൽ ഏറിയ പങ്കും ഉള്ള കോയമ്പത്തൂർ മേഖലയിൽ, സൈറ്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇതിനായി ഇൻസ്പെക്ഷൻ വിഭാഗത്തിലുള്ള ജീവനക്കാരനെ കോയമ്പത്തൂരിൽ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, |

| | | | | |
|---|---|---|---|---|
| | | | കാരണമാകുന്നുവെന്നും, ആയത് കമ്പനിയുടെ പ്രവർത്തനചെലവ് വർദ്ധിപ്പിക്കുമെന്നും മനസ്സിലാക്കിയ സമിതി, സ്പെയറുകളുടെ ഗുണനിലവാര മില്ലായ്മ, തെറ്റായ രൂപകല്പന, അളവുകളിലുള്ള വ്യതിയാനം എന്നിവ കണ്ടെത്തി ഉല്പാദന സമയത്തുണ്ടാകുന്ന തിരസ്കരണത്തിന്റെ അളവ് കുറയ്ക്കുന്നതിന് മികവുറ്റ എഞ്ചിനീയറിംഗ് സംവിധാനം കമ്പനിയിൽ നടപ്പിൽ വരുത്തണമെന്ന് നിർദ്ദേശിക്കുന്നു. | കമ്പനിയുടെ എഞ്ചിനീയറിംഗ് സംവിധാനത്തിൽ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന് ഡിസൈൻ റിവ്യൂ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. |
| | | | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് കാംകോ യന്ത്രസാമഗ്രികൾ വാങ്ങിയതിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ | 10.02.2021 തീയതിയിലെ വിജി-ബി2/ 585/2017- വിജി നമ്പർ കത്ത് പ്രകാരം സർക്കാരിൽ നിന്നും ലഭിച്ച വിജിലൻസ് റിപ്പോർട്ടിൽ, ശിപാർശ ചെയ്യതനുസരിച്ച് കാംകോ തയ്യാറാക്കി നൽകിയ 'PURCHASE MANUAL' 23.02.2021-ലെ ഉത്തരവ് G.O(Ms)No 34/2021/AGRI പ്രകാരം സർക്കാർ അംഗീകാരം ലഭിച്ചതായും ടി ഉത്തരവ് അനുസരിച്ചുള്ള പർച്ചേയ്സ് നടപടിക്രമങ്ങളുമാണ് നിലവിൽ കമ്പനി അനുവർത്തിച്ച് വരുന്നത്. കമ്പനിയുടെ എഞ്ചിനീയറിംഗ് സംവിധാനങ്ങളിൽ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന് ഡിസൈൻ റിവ്യൂ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ ഉൽപാദനസമയത്തുള്ള തിരസ്കരണം കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | നിലവിലെ സ്ഥിതിയെക്കുറിച്ചും ഓപ്പൺ ടെണ്ടർ പ്രകാരം ഉത്പാദന ഘടകങ്ങൾ വാങ്ങിയാൽ രഹസ്യസ്വഭാവം പൊതുവിപണിയിൽ പരസ്യപ്പെടും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും വിശദീകരിക്കുക. | |
| 9 | 9 | | എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് KAMCO യന്ത്രസാമഗ്രികൾ വാങ്ങിയെന്നതിന്മേൽ വിജിലൻസ് അന്വേഷണം നടക്കുകയാണെന്ന് മനസ്സിലാക്കിയ സമിതി, വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും അന്വേഷണത്തിലെ കണ്ടെത്തലുകളെ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു. | കേരള സർക്കാരിന്റെ കീഴിലുള്ള ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനം സ്റ്റോർ പർച്ചേസ് മാന്വലിന് വിധേയമായി മാത്രം ഉത്പാദന ഘടകങ്ങൾ വാങ്ങിവരുന്നത് ഉത്പാദന നഷ്ടം ഉണ്ടാക്കുമെന്നും ഉത്പാദനം തന്നെ നിർത്തേണ്ടുന്ന സാഹചര്യം സംജാതമാകുമെന്നും ആയതിനാൽ സ്റ്റോർ പർച്ചേസ് മാന്വലിൽ നിന്നും ഉൽപ്പാദന ഘടകങ്ങൾ വാങ്ങുന്നതിന് ഇളവുകൾ എത്രയും വേഗം ലഭ്യമാക്കണമെന്നുള്ള VE/03/2016/SIU2 വിജിലൻസ് റിപ്പോർട്ടിലെ ശുപാർശ കണക്കിലെടുത്തും കാംകോയിലെ പർച്ചേസ് മാന്വലിന് 23.02.2021-ലെ GO (MS) No. 34/2021/AGRI ഉത്തരവ് പ്രകാരം അനുമതി നൽകിയതിനാലും, ഏപ്രിൽ 2018 മുതൽ 24.02.2021 വരെ അടിയന്തിര ഘട്ടങ്ങളിൽ ടെണ്ടറിലൂടെ ലഭ്യമാവാത്ത ഉൽപ്പാദന ഘടകങ്ങൾ അംഗീകൃത വെണ്ടർ ലിസ്റ്റിൽ നിന്നും വാങ്ങുന്നതിന് കാംകോ ബോർഡ് ഓഫ് ഡയറക്ടേഴ്സ് നൽകിയ അനുമതിക്ക് സർക്കാരിൽ നിന്നും 24.02.2021-ലെ സ.ഉ(കൈ) നം. 37/2021/കൃഷി നമ്പർ കത്ത് പ്രകാരം ഔപചാരിക അംഗീകാരം ലഭ്യമായിട്ടുണ്ട്.<br>C&AG ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ 28.09.2020 തീയതിയിലെ VE3/2016/VACB/SIU-II നമ്പറായുള്ള റിപ്പോർട്ട് പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ട്. വിജിലൻസ് നൽകിയ റിപ്പോർട്ട് പ്രകാരം കാംകോ വാങ്ങുന്ന ഘടകങ്ങളിൽ ഭൂരിഭാഗവും കമ്പനിയുടെ Design and Specification അനുസരിച്ചുള്ള സ്പെയർ പാർട്സ് നിർമ്മിക്കുന്നതിന് വലിയ മുതൽ മുടക്ക് ആവശ്യമാണെന്നുള്ളതുകൊണ്ടും Bulk Order-ന് സാധ്യതയില്ലാത്തതുകൊണ്ടും നിലവിൽ ചുരുക്കം അംഗീകൃത വെണ്ടേഴ്സ് മാത്രമേ ഉത്പാദന ഘടകങ്ങൾ സപ്ലൈ ചെയ്യുന്നുള്ളൂ എന്നതിനാലും ഓപ്പൺ ടെൻഡർ പ്രകാരം ഘടകങ്ങൾ വാങ്ങിയാൽ രഹസ്യ സ്വഭാവമുള്ള ഡ്രോയിംഗ്, ഡിസൈൻ, സ്പെസിഫിക്കേഷൻ എന്നിവ പൊതുവിപണിയിൽ പരസ്യപ്പെടും എന്ന് സൂചിപ്പിച്ചിട്ടുണ്ട്.<br><br>കാംകോയിൽ വർഷങ്ങളായി തുടർന്നു വരുന്ന IT Audited Vendor Performance Rating Software മുഖേന നിരവധി വിശകലനങ്ങളും വിവിധ ഉത്പാദന വിഭാഗങ്ങളുടെ അംഗീകാരവും മറ്റും ഉൾക്കൊള്ളിച്ച് പൂർണ്ണമായും System Generated Evaluation നടത്തി System Generate ചെയ്യുന്ന Qualified Vendor ലിസ്റ്റിൽനിന്നും ഉൽപ്പാദന ഘടകങ്ങൾ വാങ്ങുന്നതിനാലും 2010-ൽ ഈ സോഫ്റ്റ്‌വെയറിന്മേൽ ഐ.ടി ഓഡിറ്റ് നടത്തിയിട്ടുള്ളതിനാലും ഉൽപ്പാദന ഘടകങ്ങൾ വാങ്ങുന്നതിൽ ബാഹ്യ ഇടപെടലുകളോ ഉദ്യോഗസ്ഥ ആധിപത്യമോ ഉണ്ടായിട്ടില്ലെന്ന് വ്യക്തമാകുന്നു എന്ന് സൂചിപ്പിച്ചിട്ടുണ്ട്.<br><br>കാംകോയിൽ നിലവിലുള്ള Material Procurement Procedure-ഉം കാംകോ നൽകിയ audit compliance report-നേയും സംബന്ധിച്ച് എസ്.പി.എം. പ്രകാരമല്ലാതെ നടത്തേണ്ടുന്ന പർച്ചേസിംഗ് രീതിയ്ക്ക് അനുമതി ലഭ്യമാക്കേണ്ടുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചതിൻ പ്രകാരം സ്വന്തമായൊരു പർച്ചേസ് മാന്വൽ തയ്യാറാക്കി നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതും അതിൻപ്രകാരം സർക്കാർ |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് മുഖാന്തരം ഒരു കരട് പർച്ചേസ് മാന്വൽ വിശദമായ പരിശോധനകൾക്കും സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഭേദഗതി നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കാംകോ പർച്ചേസ് മാന്വലിന് 23.02.2021-ലെ GO (Ms) No.34/2021/AGRI പ്രകാരം സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>കേരള അഗ്രോ മെഷ്യനറി കോർപ്പറേഷൻ ലിമിറ്റഡിൽ ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റ് നടത്തിയ 2014-15 വർഷത്തേയ്ക്കുള്ള ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകളിന്മേൽ വി.ഇ.3/16/എസ്.ഐ.യു2 നമ്പർ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ കേരള സ്റ്റോർ പർച്ചേസ് മാന്വൽ, സെൻട്രൽ വിജിലൻസ് കമ്മീഷൻ റൂൾ എന്നിവ പാലിക്കാത്തതും അവയിൽ നിന്നും ഇളവുകൾ വാങ്ങുവാൻ ശ്രമിക്കാതിരുന്നതും എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചതിനു ശേഷം ചട്ടങ്ങളിൽ ഇളവുകൾക്കായി സർക്കാരിനെ സമീപിച്ചിട്ടുള്ളതായി വ്യക്തമായതിനാൽ Kerala Store Purchase Manual നടപ്പിലാക്കിയാൽ കമ്പനിയ്ക്കുണ്ടായ നഷ്ടം സർക്കാരിനെ ബോധ്യപ്പെടുത്തി സെൻട്രൽ വിജിലൻസ് കമ്മീഷനിൽ നിന്നോ സ്റ്റോർ പർച്ചേസ് മാന്വലിൽ നിന്നോ യഥാസമയം ഇളവുകൾ നേടി എടുക്കാൻ ശ്രമിക്കാതിരുന്നതു വഴി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശത്തിനും അതുവഴി വിജിലൻസ് അന്വേഷണത്തിന് ഇടയാക്കാൻ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി തൃപ്തികരമല്ലാത്ത പക്ഷം ടിയാൻമാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ മാത്രമാണ് വിജിലൻസ് അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ ശിപാർശ സമർപ്പിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിന്മേൽ അഗ്രി-പി.യു.3/99/2019/അഗ്രി |

| | | | | |
|---|---|---|---|---|
| | | | | ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| | | | സമിതി ആരാഞ്ഞ അധികവിവരം<br><br>എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് കാംകോ യന്ത്രസാമഗ്രികൾ വാങ്ങിയതിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും ഓപ്പൺ ടെണ്ടർ പ്രകാരം ഉത്പാദന ഘടകങ്ങൾ വാങ്ങിയാൽ രഹസ്യസ്വഭാവം പൊതുവിപണിയിൽ പരസ്യപ്പെടും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും വിശദീകരിക്കുക. | ബഹു. സമിതിയുടെ കഴിഞ്ഞ യോഗം നടക്കുന്ന സമയത്ത് മേൽ വിഷയത്തെ സംബന്ധിച്ച വിജിലൻസ് അന്വേഷണം നടന്നുവരികയായിരുന്നു. അതിനുശേഷം 10.02.2021-ൽ വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിക്കുകയും അതിൽ പറഞ്ഞിരിക്കുന്ന ശിപാർശയിൽ ഓഡിറ്റ് പരാമർശങ്ങൾക്ക് കമ്പനി നൽകിയ മറുപടി ഉപാധികളോടെ AG അംഗീകരിച്ചതിനാലും ഇത് സംബന്ധിച്ച ആരോപണ വിഷയത്തിൽ അഴിമതി നടത്തതായി കണ്ടെത്തിയിട്ടില്ലാത്തതിനാലും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലെന്നു റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ 10.02.2021 തീയതിയിലെ വിജി-ബി2/585/2017-വിജി നമ്പർ കത്ത് പ്രകാരം സർക്കാരിൽ നിന്നും ലഭിച്ച വിജിലൻസ് റിപ്പോർട്ടിൽ, ശിപാർശ ചെയ്തതനുസരിച്ച് കാംകോ തയ്യാറാക്കി നൽകിയ 'PURCHASE MANUAL' ന് 23.02.2021-ലെ ഉത്തരവ് G.O(Ms)No 34/2021/AGRI പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് അനുസരിച്ചുള്ള പർച്ചേസ് നടപടിക്രമങ്ങളുമാണ് നിലവിൽ കമ്പനി അനുവർത്തിച്ച് വരുന്നത്. |

**ഇ. ചന്ദ്രശേഖരൻ**

ചെയർപേഴ്സൺ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം

21.03.2025